# ACADEMIC MASTER PLAN

## AMLPS KARUTHEDATH


Malappuram Dt

Manjeri Sub Dt

Estd: 1939

HM Anusha E G

amlpskaruthedath@gmail.com

9946224554


2025 - 26

# ആമുഖം



1921ലെ മലബാർ ലഹളക്ക് ശേഷം ഭൗതിക വിദ്യാഭ്യാസത്തിനായി ഒരു കൂട്ടായ്മ ആരംഭിക്കുന്നു, അത് പിന്നീട് നാട്ടുകാരുടെയും പൗരപ്രമുഖരുടെയും സഹായത്തോടെ സംഘടിത രൂപത്തിൽ ഒരു പ്രത്യേക സ്ഥലത്ത് തുടങ്ങുകയും 1939 ൽ ബ്രിട്ടീഷ് സർക്കാർ ഇതിന് സ്കൂളായി അംഗീകാരം നൽകുകയുമാണ് ചെയ്തത്.
മഞ്ചേരിയിലെ കെപി മൊയ്തീൻകുട്ടി ഹാജിയുടെ നേതൃത്വത്തിൽ ആരംഭിച്ച AMLP സ്കൂൾ KARUTHEDATH ഇന്ന് 86 വർഷം പിന്നിട്ടിരിക്കുകയാണ്. പയ്യനാട് വില്ലേജിലെ എത്രയോ തലമുറകൾക്ക് ജീവിത വഴിയിലേക്കുള്ള ഹരിശ്രീ കുറിച്ചു നൽകി കൊണ്ടിരിക്കുന്ന വിദ്യാലയത്തിന്റെ മാനേജർ കെപി ആലിപ്പ 2025 ൽ നമ്മെ വിട്ടു പിരിഞ്ഞു.

പ്രീപ്രൈമറി വിഭാഗത്തിൽ 114 കുട്ടികളും, ഒന്ന് മുതൽ നാലു വരെ ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം ക്ലാസ്സുകളിൽ 196 കുട്ടികളും പഠിക്കുന്നു. പ്രീപ്രൈമറിയിൽ 4 അധ്യാപകർ, ഒരു ഹെൽപ്പർ എൽപിയിൽ 9 സ്ഥിരം അധ്യാപകർ, HTV, ഒരു താത്കാലിക അറബിക് അധ്യാപിക എന്നിവർ പ്രവർത്തിക്കുന്നു.
വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളുടെ സർവ്വതോന്മുമുഖമായ പുരോഗതി നേടി അക്കാദമിതലത്തിൽ ഏറെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു വിദ്യാലയം. പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എൽഎസ്എസ് പൊതു പരീക്ഷയിൽ തുടർച്ചയായി എൽഎസ്എസ് വിജയികൾ നമ്മുടെ നാടിനും സമൂഹത്തിനും അഭിമാനമാണ്.

കുട്ടികളിലെ അഭിരുചികൾ തിരിച്ചറിഞ്ഞ് നല്ലൊരു ഭാവി തലമുറയെ വാർത്തെടുക്കുന്ന മഹത്തായ പ്രവർത്തനമാണ് വിദ്യാഭ്യാസത്തിലൂടെ പ്രാവർത്തികമാകുന്നത്... അതിനുള്ള തുറന്ന വേദിയാണ് നമ്മുടെ കറുത്തേടത്ത് എ എം എൽ പി സ്കൂൾ... ഒരു ദേശത്തിൻറെ അടയാളമായി സാമൂഹ്യ നന്മയുടെ ചിഹ്നമായി അറിവിൻറെ മധുരക്കനി തലമുറകൾക്ക് പകർന്നു നൽകി കൊണ്ടിരിക്കുന്ന വിദ്യാലയത്തിന്റെ സർവ്വതോൻമുഖമായ വികസനത്തിനായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ കൃത്യമായി നടപ്പാക്കാൻ സാധിക്കുമെന്ന ശുഭപ്രതീക്ഷയോടെ...

**ടീം എ എം എൽ പി സ്കൂൾ കറുത്തേടത്ത്**

# ഉള്ളടക്കം

I ലക്ഷ്യങ്ങൾ

II പ്രതിസന്ധികൾ പരിമിതികൾ

III വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം

IV അക്കാദമിക പ്രവർത്തനങ്ങൾ

V പ്രവർത്തന പദ്ധതിയുടെ വിശദീകരണം

VI ഭൗതിക കാര്യങ്ങൾ മെച്ചപ്പെടുത്താം പ്രവർത്തനങ്ങൾ

VII അക്കാദമിക നിലവാരം

VIII 2025 26 ൽ അക്കാദമിക നിലവാരം ഉയർത്താൻ നടപ്പാക്കുന്ന പദ്ധതികൾ

IX വിദ്യാലയത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

X തനത് പ്രവർത്തനം

XI ക്ലബ്ബ് പ്രവർത്തനങ്ങൾ

XII ക്ലാസ് തല അക്കാദമിക് മാസ്റ്റർ പ്ലാൻ

XIII ഉപസംഹാരം

One day one knowledge
ലക്ഷ്യം:
കുട്ടികളുടെ ജിജ്ഞാസ വർദ്ധിപ്പിക്കുകയും,
പുതിയ കാര്യങ്ങൾ പഠിക്കാനുള്ള താല്പര്യം
ഉണ്ടാക്കുകയും ചെയ്യുക.
കാലാവധി: മൂന്നുവർഷം
ചുമതല: ക്ലാസ് അധ്യാപകർ

പ്രവർത്തന വിശദീകരണം: one day one knowledge. ഓരോ ദിവസവും ഓരോ പുതിയ അറിവുകൾ കുട്ടികൾക്ക് നൽകുന്നു. ഇതിനായി സ്കൂളിലെ ഒരു അധ്യാപികയെ നിയമിക്കുന്നു. അധ്യാപിക നൽകുന്ന പുതിയ അറിവുകൾ കുട്ടികൾക്ക് അതാതു ക്ലാസ് അധ്യാപകർ പകർന്നു കൊടുക്കുന്നു. മാസാ അവസാനം ഇതൊരു പ്രശ്നോത്തരിയായി നടത്തി വിജയ് കണ്ടെത്തി അസംബ്ലിയിൽ സമ്മാനം നൽകുന്നു. ഇതുവഴി കുട്ടികൾക്ക് ലോകത്തെ കൂടുതൽ അറിയാനും അവരുടെ അറിവ് വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

പത്രവാർത്ത ക്വിസ്
ലക്ഷ്യം: കുട്ടികളിൽ വായനാശീലം വളർത്തു കയും, അവരുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക.
കാലാവധി: മൂന്നുവർഷം
ചുമതല: ക്ലാസ് അധ്യാപകർ

പ്രവർത്തന വിശദീകരണം: ഓരോ ദിവസവും പത്രത്തിൽ നിന്നും ലളിതമായ രണ്ടോ മൂന്നോ ചോദ്യങ്ങൾ തെരഞ്ഞെടുത്ത് കുട്ടികൾക്ക് നൽകുന്നു. ഇതിനായി സ്കൂളിലെ ഒരു അധ്യാപികയെ നിയമിക്കുന്നു. ആ അധ്യാപിക നൽകുന്ന ചോദ്യങ്ങൾ എല്ലാ ക്ലാസിലും കുട്ടി കൾക്ക് നൽകുന്നു. കുട്ടികൾ അന്നേദിവസം തന്നെ ക്ലാസിലുള്ള പത്രം വായിച്ച് ഉത്തരം കണ്ടെത്തി ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കുന്നു. അധ്യാപിക വിലയിരുത്തി അതാത് ദിവസം വിജയികളെ പ്രഖ്യാപിക്കുന്നു. മാവസാവസാനം എല്ലാ ചോദ്യങ്ങളിൽ നിന്നും തെരഞ്ഞെടുത്ത കുറച്ചു ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു.കുട്ടികൾക്ക് വാർത്തകളിലൂടെ ലോകത്തെക്കുറിച്ച് കൂടുതൽ അറിയാനും, ചോദ്യങ്ങളിലൂടെ ചിന്തിക്കാനും വിശകലനം ചെയ്യാനും ഇതുമൂലം കഴിയുന്നു.

BLOOM പ്രതിഭ പോഷണ പരിപാടി

ലക്ഷ്യം: കുട്ടികളുടെ ബുദ്ധിപരമായ കഴിവുകൾ വികസിപ്പിക്കുകയും, ഓർമ്മശക്തിയും ചിന്താശേഷിയും വർദ്ധിപ്പിക്കുകയും ചെയ്യുക
കാലാവധി: മൂന്നുവർഷം
ചുമതല: രണ്ട് അധ്യാപകർ

പ്രവർത്തന വിശകലനം: കുട്ടികൾക്ക് ഇടയ്ക്കിടെ ക്വിസ്സുകൾ നൽകുന്നു. രണ്ടാഴ്ചയിൽ ഒരിക്കൽ തെരഞ്ഞെടുത്ത ചോദ്യങ്ങൾ വച്ച് ക്വിസ് നടത്തുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു.  കുട്ടികൾക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കാനും, പ്രശ്നപരിഹാര ശേഷി മെച്ചപ്പെടുത്താനും ഇത് സഹായിക്കുന്നു.

**ഒരു വറ്റും കളയാതെ**

ലക്ഷ്യം: ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുകയും , ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
കാലാവധി: മൂന്നു വർഷം

പ്രവർത്തന വിശകലനം:ഭക്ഷണം പാഴാക്കാതിരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നൽകുക,ഭക്ഷണം കഴിക്കുന്നതിന് മുൻപ് ആവശ്യത്തിന് മാത്രം ഭക്ഷണം വിളമ്പുക തുടങ്ങുക വഴി കുട്ടികൾ ഭക്ഷണം പാഴാക്കുന്നത് ഒഴിവാക്കാം. ഇതുവഴി പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനും ഭക്ഷണത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് തിരിച്ചറിയാനും സാധിക്കുന്നു.

## കഴിക്കാം ഉയരാം

ലക്ഷ്യം: കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും, അവർക്ക് ആവശ്യമായ പോഷകങ്ങൾ നൽകുകയും ചെയ്യുക.

കാലാവധി: മൂന്നു വർഷം

ചുമതല: രക്ഷിതാക്കൾ,കുട്ടികൾ,അധ്യാപകർ

പ്രവർത്തന വിശകലനം:കുട്ടികൾക്ക് ദിവസവും പയർവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള സമീകൃത ആഹാരം നൽകുക. പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.പയർവർഗ്ഗങ്ങളിലും മറ്റ് പോഷകസമൃദ്ധമായ ഭക്ഷണങ്ങളിലും പ്രോട്ടീൻ, ഫൈബർ, വിറ്റാമിനുകൾ എന്നിവ ധാരാളമായി അടങ്ങിയിട്ടുണ്ട്. ഇത് കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് അത്യാവശ്യമാണ്.

രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകുന്നു.

## വിജയസ്പർശം

ലക്ഷ്യം: പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുകയും, അവർക്ക് മറ്റ് കുട്ടികൾക്കൊപ്പം എത്താനുള്ള അവസരം

നൽകുകയും ചെയ്യുക.
കാലാവധി: മൂന്നുവർഷം
ചുമതല: അധ്യാപകർ
പ്രയോജനങ്ങൾ: ഈ കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും സഹായവും നൽകുന്നത് വഴി അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും, പഠനത്തിൽ താല്പര്യം ഉണ്ടാക്കാനും സാധിക്കും.
നടപ്പാക്കേണ്ട രീതി: ഓരോ കുട്ടിയുടെയും പഠന നിലവാരം വിലയിരുത്തിയ ശേഷം(പ്രീ ടെസ്റ്റ്)അവർക്ക് ആവശ്യമായ സഹായവും പിന്തുണയും നൽകുക. ചെറിയ ഗ്രൂപ്പുകളായി തിരിച്ച് കൂടുതൽ പ്രവർത്തനങ്ങൾ നൽകി പഠനം ഫലപ്രദമാക്കുന്നു. മലയാളം ഗണിതം ഇംഗ്ലീഷ് ഈ മൂന്ന് വിഷയങ്ങളിലും നൽകുന്നു.

## A POT WITH A PLANT

ലക്ഷ്യം: കുട്ടികളിൽ പ്രകൃതിയെ സ്നേഹിക്കാനും പരിസ്ഥിതിയെ സംരക്ഷിക്കാനുമുള്ള അവബോധം വളർത്തുക.
കാലാവധി: ഒരു വർഷം
ചുമതല: കുട്ടികൾ
പ്രയോജനങ്ങൾ: കുട്ടികൾക്ക് ചെടികളെക്കുറിച്ചും കൃഷിയെക്കുറിച്ചും കൂടുതൽ അറിയാൻ സാധിക്കുന്നു. ഇത് അവരിൽ ഉത്തരവാദിത്തബോധം വളർത്തുന്നു.
നടപ്പാക്കേണ്ട രീതി: ഓരോ കുട്ടിയും ഒരു പൂട്ട്

കൊണ്ടുവരികയും, അതിൽ അവർക്ക് ഇഷ്ട മുള്ള ചെടികൾ നടാൻ അവസരം നൽകുകയും ചെയ്യുന്നു. ചെടികളെ പരിപാലിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്നു.

## DRY DAY

ലക്ഷ്യം: കുട്ടികളിൽ ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും, സ്കൂളും പരിസരവും വൃത്തി യായി സൂക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

കാലാവധി: മൂന്നുവർഷം( എല്ലാ വെള്ളിയാഴ്ചയും)

ചുമതല: കുട്ടികൾ

പ്രയോജനങ്ങൾ: വൃത്തിയുള്ള സ്കൂൾ അന്തരീക്ഷം കുട്ടികളുടെ ആരോഗ്യത്തിനും പഠനത്തിനും നല്ലതാണ്. ഇത് കുട്ടികളിൽ ഉത്തരവാദിത്തബോധം വളർത്തുന്നു.

നടപ്പാക്കുന്ന രീതി: കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് സ്കൂളും പരിസരവും വൃത്തിയാക്കുക. വേസ്റ്റ് തരംതിരിച്ച് സംസ്കരിക്കാൻ കുട്ടികളെ പഠിപ്പിക്കുക. ഇത് എല്ലാ വെള്ളിയാഴ്ചയും നടത്തുന്നു.

സ്കൂൾ ഹരിത കർമ്മ സേന കൂടുതൽ ഉത്തരവാദിത്വത്തോടെ ചെയ്യുന്നു.Bio bin പ്രയോജനപ്പെടുത്തുന്നു.

**ആരോഗ്യ കായിക വിദ്യാഭ്യാസം**

ലക്ഷ്യം: കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും, ശാരീരികക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
കാലാവധി :മൂന്നു വർഷം
ചുമതല: അധ്യാപകർ,കുട്ടികൾ
പ്രയോജനങ്ങൾ: കായിക പ്രവർത്തനങ്ങൾ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് നല്ലതാണ്. ഇത് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുന്നു.
നടപ്പാക്കുന്ന രീതി: കുട്ടികൾക്ക് വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകുക. ആരോഗ്യകരമായ ഭക്ഷണശീലങ്ങളെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുക. ആഴ്ചയിൽ രണ്ട് PET പീരിയഡ്. എല്ലാ വെള്ളിയാഴ്ചയും കുട്ടികൾക്ക് മാസ് ഡ്രിൽ,മൈനർ ഗെയിംസ്  ഉത്തരവാദിത്തമുള്ള അധ്യാപകരുടെ കൂടെ.
വർഷത്തിലൊരിക്കൽ കായികമേള സംഘടിപ്പിക്കുന്നു. കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ച വരെ ഉപജില്ലാതലത്തിലും മുനിസിപ്പൽ തലത്തിലും പങ്കെടുപ്പിക്കുന്നു.

**FUN GRAM സഹവാസ ക്യാമ്പ്**

ലക്ഷ്യം: കുട്ടികളിൽ സാമൂഹികവും സാമ്പത്തികവുമായ കഴിവുകൾ വികസിപ്പിക്കുകയും, അവർക്ക് പരസ്പരം സഹകരിച്ച് ജീവിക്കാനും, സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ബോധവാന്മാരാകാനും അവസരം നൽകുക.
കാലാവധി: ഒരു ദിവസം
ചുമതല: അധ്യാപകർ, കുട്ടികൾ
പ്രയോജനങ്ങൾ: ഈ ക്യാമ്പുകൾ കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയശേഷി, പ്രശ്നപരിഹാരശേഷി എന്നിവ വർദ്ധിപ്പിക്കുന്നു.
നടപ്പാക്കുന്ന രീതി: കുട്ടികൾക്ക് പരസ്പരം സഹകരിച്ച് പ്രവർത്തിക്കാൻ സാധിക്കുന്ന കളികളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുക( നാലാം ക്ലാസ്). ലളിതമായ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ക്ലാസുകൾ നൽകുക.
കൂടുതൽ സെഷനുകൾ ഉൾപ്പെടുത്തി ക്യാമ്പ് പ്രയോജനപ്രദമാക്കുക.

**ഉയരെ**

ലക്ഷ്യം: ശരാശരി നിലവാരമുള്ള കുട്ടികളുടെ പഠന നിലവാരം ഉയർത്തുകയും, അവർക്ക് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുകയും ചെയ്യുക.
കാലാവധി: ഒരു വർഷം
ചുമതല: അധ്യാപകർ

പ്രയോജനങ്ങൾ: ഈ കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും സഹായവും നൽകുന്നത് വഴി അവരുടെ പഠന നിലവാരം മെച്ചപ്പെടുത്താനും, ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സാധിക്കും.
നടപ്പാക്കുന്ന രീതി: ഓരോ കുട്ടിയുടെയും പഠന നിലവാരം വിലയിരുത്തിയ ശേഷം, അവർക്ക് ആവശ്യമായ സഹായം നൽകുന്നു. കൂടുതൽ പഠനസാമഗ്രികൾ നൽകുകയും, സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യുന്നു. ഓരോ ക്ലാസിനും അനുയോജ്യമായ പ്രവർത്തനങ്ങൾ അധ്യാപകർ കണ്ടെത്തി നൽകുന്നു.

## ദിനാചരണങ്ങൾ

ലക്ഷ്യം: കുട്ടികളിൽ സാമൂഹിക അവബോധം വളർത്തുകയും, വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യുക.
കാലാവധി: ഒരു വർഷം
ചുമതല: അധ്യാപകർ,കുട്ടികൾ, രക്ഷിതാക്കൾ
പ്രയോജനങ്ങൾ: ദിനാചരണങ്ങൾ കൊണ്ടാടുന്നത് വഴി കുട്ടികൾക്ക് ചരിത്രപരമായ സംഭവങ്ങളെക്കുറിച്ചും, സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചും അറിയാൻ സാധിക്കുന്നു. ഇത് അവരിൽ സാമൂഹിക ഉത്തരവാദിത്ത

ബോധം വളർത്തുന്നു.
നടപ്പാക്കേണ്ട രീതി: ഓരോ ദിനാചരണത്തിനും അനുയോജ്യമായ പരിപാടികൾ സംഘടിപ്പിക്കുക. കുട്ടികൾക്ക് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രസംഗങ്ങൾ, നാടകങ്ങൾ, ചിത്രരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അവസരം നൽകുക. ഓരോ ദിനാചരണത്തിനും മുന്നോടി
യായി എസ് ആർ ജിയിൽ അധ്യാപകർ ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു.
വിജയികളെ കണ്ടെത്തേണ്ട പ്രവർത്തനങ്ങളിൽ വിജയികൾക്ക് സമ്മാനം നൽകുന്നു, പ്രോത്സാഹിപ്പിക്കുന്നു.

**ഗണിത ശാസ്ത്ര മേള**

ലക്ഷ്യം കുട്ടികളിൽ ഗണിതശാസ്ത്രപരമായ കഴിവുകൾ വികസിപ്പിക്കുകയും, ഗണിതശാസ്ത്രത്തിൽ താൽപര്യം വളർത്തുകയും ചെയ്യുക
കാലാവധി:1 മാസം
ചുമതല: ഗണിത ക്ലബ് അംഗങ്ങൾ, കുട്ടികൾ, ഗണിത ക്ലബ്ബ് ചുമതലയുള്ള അധ്യാപകർ.

പ്രയോജനങ്ങൾ:ഗണിതശാസ്ത്ര മേളയിൽ കുട്ടികൾക്ക് ഗണിതശാസ്ത്രപരമായ ആശയ

ങ്ങൾ ഉപയോഗിച്ച് വിവിധ പ്രോജക്ടുകൾ ചെയ്യാനും, ഗണിതശാസ്ത്രപരമായ കളികളിലും പസിലുകളിലും പങ്കെടുക്കാനും അവസരം ലഭിക്കുന്നു. ഇത് അവരുടെ ഗണിതശാസ്ത്രപരമായ കഴിവുകൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.
ഗണിതശാസ്ത്ര മേളയിൽ കുട്ടികൾക്ക് ഗണിതശാസ്ത്രപരമായ ആശയങ്ങൾ അവതരിപ്പിക്കാനും, ഗണിതശാസ്ത്രപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും
അവസരം ലഭിക്കുന്നു. ഇത് അവരുടെ ഗണിതശാസ്ത്രപരമായ ചിന്താശേഷി വളർത്താൻ സഹായിക്കുന്നു.
നടപ്പാക്കുന്ന രീതി: ആദ്യം സ്കൂൾതലത്തിൽ ഗണിതശാസ്ത്രമേള നടത്തുന്നു. ശാസ്ത്രമേളയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ മുൻകൂട്ടി കുട്ടികളിൽ എത്തിക്കുന്നു. സ്കൂൾ തല ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു. തുടർന്ന് കഴിവുറ്റ കുട്ടികളെ കണ്ടെത്തി ഉപജില്ലാതലത്തിൽ മത്സരിപ്പിക്കുന്നു.

**ശാസ്ത്രമേള**

ലക്ഷ്യം: കുട്ടികളിൽ ശാസ്ത്രീയമായ കഴിവുകൾ വികസിപ്പിക്കുകയും, ശാസ്ത്രത്തിൽ താൽപര്യം

വളർത്തുകയും ചെയ്യുക
കാലാവധി: രണ്ട് മാസം
ചുമതല: അധ്യാപകർ,കുട്ടികൾ, രക്ഷിതാക്കൾ

പ്രയോജനങ്ങൾ: ശാസ്ത്രമേളയിൽ കുട്ടിക ൾക്ക് ശാസ്ത്രീയമായ ആശയങ്ങൾ ഉപയോഗിച്ച് വിവിധ പ്രോജക്ടുകൾ ചെയ്യാനും, ശാസ്ത്രീയ മായ പരീക്ഷണങ്ങളിൽ പങ്കെടുക്കാനും അവസരം ലഭിക്കുന്നു. ഇത് അവരുടെ ശാസ്ത്രീയമായ കഴിവുകൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.
നടപ്പാക്കേണ്ട രീതി: ശാസ്ത്രമേളയിൽ കുട്ടികൾക്ക് ശാസ്ത്രീയമായ ആശയങ്ങൾ അവതരിപ്പിക്കാനും, ശാസ്ത്രീയമായ പ്രശ്ന ങ്ങൾക്ക് പരിഹാരം കണ്ടെത്താനും അവസരം ലഭിക്കുന്നു. ഇത് അവരുടെ ശാസ്ത്രീയമായ ചിന്താശേഷി വളർത്താൻ സഹായിക്കുന്നു. ഇതിനായി സ്കൂൾതലത്തിലും തുടർന്ന് ഉപജില്ല തലത്തിലും പങ്കെടുക്കുന്നു. ആവശ്യമായ സഹായങ്ങളും സംശയ രൂപീകരണവും അധ്യാ പകർ നൽകുന്നു.

## പ്രവർത്തിപരിചയമേള

ലക്ഷ്യം: കുട്ടികളിൽ വിവിധ തൊഴിലുകളോ ടുള്ള താല്പര്യം വളർത്തുകയും, അവർക്ക് അടി

സ്ഥാന തൊഴിൽപരമായ കഴിവുകൾ നൽകു
കയും
ചെയ്യുക.
കാലാവധി :രണ്ട് മാസം
ചുമതല :അധ്യാപകർ,കുട്ടികൾ,രക്ഷിതാക്കൾ
പ്രയോജനങ്ങൾ: പ്രവർത്തിപരിചയ മേള
യിൽ കുട്ടികൾക്ക് വിവിധ തൊഴിലുകളെ
ക്കുറിച്ച് അറിയാനും, അവയിൽ താൽപ്പര്യമു
ള്ളവ തിരഞ്ഞെടുക്കാനും അവസരം ലഭിക്കുന്നു.
ഇത് അവരുടെ ഭാവി കരിയറിനെക്കുറിച്ച്
ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.
നടപ്പാക്കേണ്ട രീതി: വിവിധ തൊഴിൽ മേഖല
കളിൽ നിന്നുള്ള വിദഗ്ദ്ധരെ സ്കൂളിലേക്ക്
ക്ഷണിക്കുകയും, അവർ കുട്ടികൾക്ക്
തൊഴിൽപരമായ പരിശീലനം നൽകുകയും
ചെയ്യുക. അധ്യാപകർക്ക് അറിയാവുന്ന മേഖല
കൾ പഠിപ്പിക്കുന്നു. കുട്ടികൾക്ക് വിവിധ തൊഴിൽ
ഉപകരണങ്ങൾ ഉപയോഗിക്കാനും, ലളിതമായ
തൊഴിൽപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെ
ടാനും അവസരം നൽകുന്നു. കുട്ടികളിൽ നിന്നും
തെരഞ്ഞെടുത്തവരെ ഉപജില്ലാതലത്തിൽ
മത്സരിപ്പിക്കുന്നു.

**കരാട്ടെ**

ലക്ഷ്യം: കുട്ടികളിൽ ശാരീരികക്ഷമതയും
മാനസികമായ കരുത്തും വർദ്ധിപ്പിക്കുകയും,

ആയോധന കലയിലൂടെ സ്വയം പ്രതിരോധി ക്കാനുള്ള കഴിവ് നൽകുകയും ചെയ്യുക.

കാലാവധി: മൂന്നുവർഷം

ചുമതല:SMC

പ്രയോജനങ്ങൾ: കരാട്ടെ പരിശീലനം കുട്ടികളുടെ ശാരീരികക്ഷമത, ഏകാഗ്രത, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നു. ഇത് അച്ചടക്കം, ക്ഷമ, സ്ഥിരോത്സാഹം തുടങ്ങിയ ഗുണങ്ങൾ വളർത്താനും സഹായിക്കുന്നു.

നടപ്പാക്കുന്ന രീതി: പരിചയസമ്പന്നരായ പരിശീലകരെ(ഷാഫി വീമ്പൂർ) ഉപയോഗിച്ച് കുട്ടികൾക്ക് കരാട്ടെയിൽ പരിശീലനം നൽകുന്നു. കരാട്ടെയുടെ അടിസ്ഥാനപരമായ ചലനങ്ങളും തന്ത്രങ്ങളും കുട്ടികളെ പഠിപ്പിക്കുന്നു. ഇതിനായി സ്കൂൾ സമയം കഴിഞ്ഞു 4 30 മുതൽ 6 മണി വരെ കുട്ടികൾക്ക് പരിശീലനം നൽകുന്നു.

**അബാക്കസ് പരിശീലനം**

ലക്ഷ്യം: കുട്ടികളിൽ ഗണിതപരമായ കഴിവുകൾ വേഗത്തിലും എളുപ്പത്തിലും വികസിപ്പിക്കുകയും, ഗണിതശാസ്ത്രത്തിൽ താൽപര്യം വളർത്തുകയും ചെയ്യുക.

കാലാവധി :മൂന്നു വർഷം

ചുമതല:SMC

പ്രയോജനങ്ങൾ: അബാക്കസ് പരിശീലനം കുട്ടികളുടെ ഗണിതപരമായ ചിന്താശേഷി, ഏകാഗ്രത, ഓർമ്മശക്തി എന്നിവ വർദ്ധിപ്പിക്കുന്നു. ഇത് കുട്ടികൾക്ക് ഗണിതശാസ്ത്രപരമായ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാൻ സഹായിക്കുന്നു.

നടപ്പാക്കുന്ന രീതി: പരിചയസമ്പന്നരായ പരിശീലകരെ ഉപയോഗിച്ച് കുട്ടികൾക്ക് അബാക്കസിൽ പരിശീലനം നൽകുന്നു.ലളിതമായ ഗണിതശാസ്ത്രപരമായ പ്രവർത്തനങ്ങളി

ലൂടെ കുട്ടികളെ അബാക്കസ് ഉപയോഗിക്കാൻ പഠിപ്പിക്കുന്നു.

വിദ്യാലയസർഗ്ഗവേള

ലക്ഷ്യം: കുട്ടികളിൽ സർഗ്ഗാത്മകമായ കഴിവുകൾ വികസിപ്പിക്കുകയും, അവർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുക.

കാലാവധി: മാസത്തിൽ ഒരിക്കൽ

ചുമതല :അധ്യാപകർ,കുട്ടികൾ

പ്രയോജനങ്ങൾ: സർഗ്ഗവേളയിൽ കുട്ടികൾക്ക് വിവിധ കലാപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും, അവരുടെ ഭാവനയെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നു. ഇത് അവരിൽ ആത്മവിശ്വാസം വളർത്തുന്നു.

നടപ്പാക്കേണ്ട രീതി: കുട്ടികൾക്ക് കഥ, കവിത,

ചിത്രരചന, സംഗീതം, നൃത്തം തുടങ്ങിയ വിവിധ കലാപരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. കുട്ടികൾക്ക് അവരുടെ സൃഷ്ടികൾ പ്രദർശിപ്പിക്കാനും, അവതരിപ്പിക്കാനും അവസരം നൽകുന്നു.

## One day one sentence

ലക്ഷ്യം: കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുകയും, ലളിതമായ വാക്യങ്ങൾ ഉപയോഗിച്ച് സംസാരിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക.
കാലാവധി: മൂന്നുവർഷം
ചുമതല: അധ്യാപകർ
പ്രയോജനങ്ങൾ: ദിവസവും ഒരു വാചകം പഠിക്കുന്നത് വഴി കുട്ടികൾക്ക് ഇംഗ്ലീഷിലുള്ള പദസമ്പത്ത് വർദ്ധിക്കുകയും, ഭാഷയിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുന്നു.
നടപ്പാക്കേണ്ട രീതി: ഓരോ ദിവസവും ലളിതവും ഉപയോഗപ്രദവുമായ ഒരു ഇംഗ്ലീഷ് വാചകം തിരഞ്ഞെടുക്കുക. വാചകത്തിന്റെ അർത്ഥം വിശദീകരിക്കുകയും, കുട്ടികളെ അത് ഉച്ചരിക്കാൻ പഠിപ്പിക്കുകയും ചെയ്യുക. വാചകം ഉപയോഗിച്ച് ലളിതമായ സംഭാഷണങ്ങൾ നടത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

## ക്ലബ് പ്രവർത്തനങ്ങൾ

ലക്ഷ്യം: കുട്ടികളിൽ വിവിധ വിഷയങ്ങളോടുള്ള താല്പര്യം വളർത്തുകയും, അവരുടെ കഴിവുകളും അറിവുകളും വികസിപ്പിക്കുകയും ചെയ്യുക.
കാലാവധി:ഒരു വർഷം
ചുമതല :അധ്യാപകർ
പ്രയോജനങ്ങൾ: ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് അവരുടെ ഇഷ്ടവിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും, പുതിയ കാര്യങ്ങൾ പഠിക്കാനും അവസരം ലഭിക്കുന്നു. ഇത് അവരിൽ സാമൂഹികമായ കഴിവുകളും സഹകരണ മനോഭാവവും വളർത്തുന്നു.
നടപ്പാക്കേണ്ട രീതി: വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലബ്ബുകൾ രൂപീകരിക്കുക. ഓരോ ക്ലബ്ബിനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. കുട്ടികൾക്ക് അവരുടെ താല്പര്യമനുസരിച്ച് ക്ലബ്ബുകളിൽ ചേരാൻ അവസരം നൽകുക.